# A M RITA  V I D Y A L A Y A M

## ANNUAL EXAMINATION - 2019 - 20

**Class : VII** | **Marks : 80**
**Time : 3 hrs**

# മലയാളം

| |
|---|
| This question paper is divided into four sections. |
| Section A : Reading Comprehension - 10 marks |
| Section B : Writing - 14 marks |
| Section C : Grammar - 20 marks |
| Section D : Text and Non-Detailed - 36 marks |

## എ. വിഭാഗം

**1. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

ഒരു ശിശുവിന്റെ വിദ്യാഭ്യാസം കേവലം ഭാഷയും ഗണിതവുംകൊണ്ട് പൂർത്തിയാകുമോ? ഒരിക്കലുമില്ല. അനേകായിരം സംവത്സരങ്ങളിലൂടെ നാം നേടിയ അഖണ്ഡമായ സാംസ്കാരിക പൈതൃകംതന്നെ അവന് പരിചയപ്പെടുത്തിക്കൊടുക്കേണ്ടതുണ്ട്. അമൂല്യമായ ഈ വിജ്ഞാനസമ്പത്തിനെ സാമൂഹികമെന്നും, ശാസ്ത്രീയമെന്നും രണ്ടായി തിരിക്കാം. മനുഷ്യൻ മനുഷ്യനുമായി ഇടപഴകിയതിൽ നിന്നുണ്ടായതാണ് സാമൂഹിക വിജ്ഞാനം. പ്രകൃതിയും മനുഷ്യനുമായി മേളിച്ചതിൽനിന്നും ഉടലെടുത്തതാണ് ശാസ്ത്രം. ചരിത്രം, സാമൂഹ്യശാസ്ത്രം, സാമ്പത്തിക വിജ്ഞാനീയം, പൗരധർമ്മം മുതലായവ ആദ്യത്തേതിനെ ഉദാഹരിക്കുന്നു. രണ്ടാമത്തേതിൽ രസതന്ത്രം, ഊർജ്ജതന്ത്രം, ജീവശാസ്ത്രം മുതലായവ ഉൾപ്പെടുന്നു. ആധുനിക ജീവിതത്തിന്റെ വിജയകരമായ പങ്കാളിത്തത്തിന് ഇവയെക്കുറിച്ചുള്ള വിജ്ഞാനം അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് ഈ രണ്ടു ശാഖകളിലും നാം നേടിയ നേട്ടങ്ങളുടെ ഒരു സാമാന്യരൂപം ശിശുവിന് നൽകുന്നതിന് വിദ്യാഭ്യാസം ശ്രമിക്കുന്നു.

**ചോദ്യങ്ങൾ.** **10**

1. ഒരു ശിശുവിന് വിദ്യാഭ്യാസത്തിലൂടെ നാം പരിചയപ്പെടുത്തിക്കൊടുക്കേണ്ടതെന്താണ്?
2. സാമൂഹ്യവിജ്ഞാനത്തിന്റെ ഉത്ഭവം എങ്ങനെയാണ്?
3. ശാസ്ത്രം ഉടലെടുത്തതെങ്ങനെ?
4. വിദ്യാഭ്യാസം കൊണ്ട് നാം ശ്രമിക്കുന്നതെന്താണ്?
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നല്കുക?

## ബി. വിഭാഗം

**2.a) ഏതെങ്കിലും ഒരു വിഷയത്തെ ആസ്പദമാക്കി രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **7**

1. ജലമലിനീകരണം തടയേണ്ടതിന്റെ ആവശ്യകത?
2. നല്ല കുട്ടികൾ നാടിന്റെ നന്മയ്ക്ക്.

**b) ആശയവിപുലനം ചെയ്യുക.** **7**

"ആശിച്ചാൽപോരയാതൊന്നും
ആർജ്ജിക്കാനുദ്യമിക്കണം."

## സി. വിഭാഗം

**3.a) പ്രയോഗം മാറ്റുക.** **2**

1. പ്രഭുകുമാരി വൃദ്ധനെ വാനോളം പുകഴ്ത്തി.
2. ശിഷ്യൻ ഗുരുവിനെ വന്ദിക്കണം.

**b) അംഗ അംഗി വാക്യം വേർതിരിച്ചെഴുതുക.** **2**

1. ഉദിച്ചുയരുന്ന സൂര്യനെപ്പോലെ പുരുഷാരത്തിനു മുന്നിൽ മന്ദപ്പൻ ജ്വലിച്ചു നിന്നു.
2. വിഖ്യാത ഗായകൻ ഹെയ്സലിന്റെ ഗംഭീരമായ സംഗീതക്കച്ചേരി നടക്കുകയാണ്.

**c) തെറ്റ് ഉണ്ടെങ്കിൽ തിരുത്തുക.** **1**

എങ്കിലും വാത്സല്യ നിധിയായ സ്നേഹമയിയായ, അമ്മ ആരും കാണാതെ രഹസ്യമായി ഭക്ഷണം വിളമ്പി.

**d) വാക്യത്തിൽ പ്രയോഗിക്കുക.** **1**

അതിഗംഭീരം

**e) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക.** **2**

1. പ്രതീക്ഷയായി 2. പൊട്ടിക്കരഞ്ഞു

**f) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക.** **2**

1. മൈഥിലീവാക്യം 2. ദിനരാത്രങ്ങൾ

**g) പര്യായപദങ്ങൾ എഴുതുക.** **3**

1. ഭർത്താവ് 2. എല്ല് 3. ഭൂമി

**h) നാനാർത്ഥം എഴുതുക.** **1**

വർഷം

**i) അർത്ഥ വ്യത്യാസം എഴുതുക.** **2**

1. അങ്കം – അംഗം – 2. നാകം – നാഗം –

**j) ഒറ്റപ്പദം എഴുതുക.** **2**

1. ജഗത്തിന്റെ നാഥൻ 2. വലിയമല

**4. ശരിയായ ഉത്തരം കണ്ടെത്തി എഴുതുക.**

**a) വിപരീതപദം കണ്ടെത്തുക.** **1**

1. ധർമ്മം (അധർമ്മം, അസത്യം, നിഷ്കളങ്കം)
2. സുഖം (സങ്കടം, ദുഃഖം, വ്യസനം)

**b) എതിർലിംഗം എഴുതുക.** **1**

1. കവി 2. കാന്തൻ

## ഡി. വിഭാഗം

**5.a) ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.** **4**

1. മായപ്പൊൻമാൻ എന്ന പദ്യഭാഗം എഴുതിയത്.
   (കുമാരനാശാൻ, കുഞ്ചൻ നമ്പ്യാർ, എഴുത്തച്ഛൻ)
2. സ്വർണവർണമായ മാനിന്റെ രൂപത്തിൽ എത്തിയതാര്?
   (മാരീചൻ, രാവണൻ, ലക്ഷ്മണൻ)
3. നാളത്തെ സമൃദ്ധിതൻ നാടകീയ വാഗ്ദാനങ്ങളുമായി എത്തിച്ചേർന്നതാര്?
   (കവി, മത്തനും പടവലവും, കൃഷിക്കാർ)

4. ഞാറ്റുവേലപ്പൂക്കൾ എന്ന കവിത എഴുതിയതാര്?
   (അക്കിത്തം, പി. ഭാസ്കരൻ, വയലാർ)
5. കൊട്ടാരം വാദ്യവൃന്ദത്തിന്റെ തലവനായിരുന്നു.
   (മെൾഷിയർ, ജീൻമൈക്കൽ, ലൂഷ്യ)
6. ശൈശവത്തിന്റെ ആനന്ദം എന്ന കൃതി എഴുതിയത്.
   (ജീൻമൈക്കൽ, ജീൻക്രിസ്റ്റഫ്, മെൽഷിയർ)
7. "കുടകുപടയോട് എതിരിടാനായി ആയുധമേന്തി ശത്രുസൈന്യത്തിലേക്ക് പാഞ്ഞു". ആര്?
   (മന്ദപ്പൻ, ചെമ്മരത്തി, അണ്ണുക്കൻ)
8. പ്രാതൽ എന്ന പാഠഭാഗം ഏതു വിഭാഗത്തിൽപ്പെടുന്നു.
   (കഥ, നോവൽ, നാടകം)

**6. ഉത്തരമെഴുതുക.** **24**

**a)**1. "ആയുധം പോയതും ആയുസ്സുപോയതും എനിക്കൊരുപോലെയാണ്". ഈ വാക്യത്തിൽ നിന്നും മന്ദപ്പനെക്കുറിച്ചുള്ള എന്തെല്ലാം ധാരണകളാണ് നിങ്ങൾക്ക് മനസ്സിലാകുന്നത്?
2. 'ഏകാന്തരാത്രികളിൽ തളർന്നുറങ്ങുന്ന മകനെ കെട്ടിപ്പിടിച്ച് ലൂഷ്യ തേങ്ങിക്കരയും" തന്റെ ജീവിതത്തെക്കുറിച്ചുള്ള എന്തെല്ലാം ആശങ്കകളായിരിക്കാം അവളുടെ തേങ്ങലിനു പിന്നിൽ?
3. കുഞ്ഞൻ മേനോൻ എന്ന കഥാപാത്രത്തിന്റെ രൂപം കഥയിൽ അവതരിപ്പിച്ചിരിക്കുന്നത് എപ്രകാരമാണ്?

**b)**1. മഴയ്ക്ക് മുമ്പും ശേഷവുമുള്ള കർഷക മനസ്സിന്റെ അവസ്ഥകളെ എങ്ങനെയാണ് കവി വർണ്ണിച്ചിരിക്കുന്നത്?
2. "എത്രയും ചിത്രം ചിത്രം". സീതയെ വിസ്മയിപ്പിച്ചതെന്ത്?
3. മഴക്കെടുതിയെ കവി വർണ്ണിച്ചിരിക്കുന്നതെങ്ങനെ?

**7. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** **8**

1. മകനെ ദൂരെ ദില്ലി നഗരത്തിലേക്കയക്കുമ്പോൾ ഗ്രാമീണനായ അച്ഛൻ മനസ്സിൽ കണ്ടത് എന്തെല്ലാമായിരിക്കാം?
2. പാഠഭാഗത്തിലേതുപോലെ പൂരിപ്പിക്കുക.
   "ഭർത്താവേ കണ്ടീലയോ .............
   ........................... ഭർത്താവേ ജഗത്പതേ! (എട്ട് വരി)
3. പടയ്ക്ക് പുറപ്പെടാൻ മന്ദപ്പനെ പ്രേരിപ്പിച്ചതെന്ത്?
4. ക്രാഫ്റ്റ് കുടുംബത്തിന്റെ സവിശേഷതകൾ എന്തെല്ലാം?